പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5757** **09.07.2012-ൽ മറുപടിയ്ക്ക്**

**"ലീവ് വേക്കൻസി നിയമന അംഗീകാരം"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെട്ട എൻ.ആർ.പി.എം ഹൈസ്കൂളിലെ യു.പി.എസ്.എ ആയി സേവനമനുഷ്ഠിക്കുന്ന എം.മായ ടീച്ചറുടെ 16.10.2000 മുതൽ 19.12.2000 വരെയുള്ള ലീവ് വേക്കൻസി നിയമനം നാളിതുവരെ അംഗീകരിച്ചിട്ടില്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ടീച്ചർ ജോലി ചെയ്തത് ആര് ലീവെടുത്ത വേക്കൻസിയിലാണെന്ന് വ്യക്തമാക്കുമോ; | (ബി) യു.പി.അദ്ധ്യാപികയായ ശ്രീമതി.എൻ.പൊന്നമ്മ 16.10.2000 മുതൽ 19.12.2000 വരെ കമ്മ്യൂട്ടഡ് ലീവ് എടുത്ത ഒഴിവിലാണ് പ്രസ്തുത ടീച്ചർ ജോലി ചെയ്തത്. |
| (സി) പ്രസ്തുത ടീച്ചറോടൊപ്പം എത്ര അദ്ധ്യാപകരെ ഏതൊക്കെ വേക്കൻസികളിൽ ഈ സ്കൂളിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) 30.04.2000-ൽ ശ്രീ.എം.മധുസൂദനൻ പെൻഷൻ ആയ ഒഴിവിൽ 01.05.2000 മുതൽ ശ്രീമതി.ഡി.സുകമാരിയമ്മയെ (എച്ച്.എസ്.എ) ഹെഡ്മിസ്ട്രസ്സായും, ശ്രീമതി.ഡി.സുകമാരിയമ്മയുടെ ഒഴിവിൽ യു.പി.അദ്ധ്യാപികയായ ശ്രീമതി.എൻ.ശ്രീലയെ 05.06.2000 മുതൽ എച്ച്.എസ്.എ (പി.എസ്) ആയും നിയമിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത അദ്ധ്യാപകരുടെ നിയമനങ്ങൾ എല്ലാം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ; | (ഡി) രണ്ട് നിയമനങ്ങളും അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് അംഗീകരിക്കാത്തത്; | (ഇ) ബാധകമല്ല. |
| (എഫ്) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഈ നിയമനം അംഗീകരിക്കാതിരിക്കാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എഫ്) ഇല്ല. |
| (ജി) പ്രസ്തുത ടീച്ചറുടെ ഈ പീരിഡിലെ നിയമനം അംഗീകരിച്ച് ശമ്പളം എന്ന് ലഭ്യമാക്കാൻ കഴിയും എന്ന് വിശദമാക്കുമോ? | (ജി) ശ്രീമതി.എം.മായയുടെ നിയമനം മുമ്പ് വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചിരുന്നു. ഇതിനെതിരെ ശ്രീമതി.എം.മായ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി റിപ്പോർട്ടിനായി 15.10.2011-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് റിവിഷൻ ഹർജി തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ